# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2199 - 05/02/2018 -ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. സി. കൃഷ്ണൻ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിൽ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുത്തവരെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം സർക്കാർ പ്രഖ്യാപിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (KSCARD), ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പകൾക്കാണ് തിരിച്ചടവ് സഹായം ലഭിക്കുന്നത്. സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ ഉൾപ്പെട്ട ബാങ്കുകളെയാണ് ഇപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ബി | ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയിൽ അവരെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ